ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഉണ്ട്. വേമ്പനാട്ട് കായലിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹൗസ് ബോട്ടുകളിൽനിന്നും മാലിന്യം ശേഖരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ കുമരകത്തും ആറാട്ടുപുഴയിലെ എച്ച് ബ്ലോക്ക് കായലിലും ടൂറിസം വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശയാത്രകൾ

306(1007) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശ യാത്രകൾ എത്രയാണെന്നും, സന്ദർശിച്ച രാജ്യം, തീയതി, പരിപാടി എന്നിവ വ്യക്തമാക്കുമോ; ഓരോ യാത്രയിലും ഏതെല്ലാം ഉദ്യോഗസ്ഥർ അനുഗമിച്ചിരുന്നു;

(ബി) പ്രസ്തുത വിദേശയാത്രകളുടെ ഫലമായി വിദേശ ടൂറിസ്റ്റുകളുടെ വരവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; ഇതിന്റെ കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-2016 കാലയളവിൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി നടത്തിയ ഔദ്യോഗിക വിദേശയാത്രകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

നമ്പർ	രാജ്യം	തീയതി	പരിപാടി	അനുഗമിച്ച ഉദ്യോഗസ്ഥർ
(1)	(2)	(3)	(4)	(5)
1.	സിറ്റ്സർലാന്റ്	4-8-2011 മുതൽ 9-8-2011 വരെ	ജനീവ ഫെസ്റ്റിവൽ	ശ്രീമതി റാണി ജോർജ്ജ് IAS, ഡയറക്ടർ ടൂറിസം
2.	ഇംഗ്ലണ്ട്	5-11-2011 മുതൽ 11-11-2011 വരെ	WTM ട്രേഡ് ഫെയർ ലണ്ടൻ	ശ്രീ. ടി. കെ. മനോജ് കുമാർ IAS, സെക്രട്ടറി ടൂറിസം
3.	ദുബായ്	1-2-2012 മുതൽ 3-2-2012 വരെ	ഔദ്യോഗികം	

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
4.	സൗദി അറേബ്യ	6-5-2012 മുതൽ 8-5-2012 വരെ	വിവിധ റോഡ് ഷോകൾ	ശ്രീ. ടി. കെ. മനോജ് കുമാർ IAS, സെക്രട്ടറി ടൂറിസം
5.	ആസ്ട്രേലിയ	20-10-2012 മുതൽ 26-10-2012 വരെ	വിവിധ റോഡ് ഷോകൾ	ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം
6.	ബെൽജിയം, ഫ്രാൻസ്, ഇറ്റലി	20-1-2013 മുതൽ 26-1-2013 വരെ	വിവിധ റോഡ് ഷോകൾ	ശ്രീമതി റാണി ജോർജ്ജ് IAS, ഡയറക്ടർ, ടൂറിസം
7.	ജർമ്മനി	5-3-2013 മുതൽ 11-3-2013 വരെ	ITB ബെർലിൻ ഫെയർ	ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം
8.	ജപ്പാൻ	10-9-2013 മുതൽ 14-9-2013 വരെ	JATA Fair	ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം
9.	യു.എസ്.എ.	20-10-2013 മുതൽ 25-10-2013 വരെ	വിവിധ റോഡ് ഷോകൾ	ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം
10.	ബ്രിട്ടൻ, ഓസ്ട്രിയ, ഹംഗറി	4-11-2014 മുതൽ 10-11-2014 വരെ	WTM ലണ്ടൻ	ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം
11.	റഷ്യ	18-3-2015 മുതൽ 23-3-2015 വരെ	MIIT ഫെയർ	ശ്രീ. ഷെയ്ക്ക് പരീത് IAS, ഡയറക്ടർ, ടൂറിസം
12.	ശ്രീലങ്ക	23-4-2014	കൊളംബോ റോഡ് ഷോ	ശ്രീ. കമലവർദ്ധന റാവു IAS, സെക്രട്ടറി, ടൂറിസം ശ്രീ. ഷെയ്ക്ക് പരീത് IAS, ഡയറക്ടർ ടൂറിസം

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
13.	ചൈന	25-6-2015 മുതൽ 29-6-2015 വരെ	BITE ചൈന ഫെയർ, ഷാങ്ഹായ് റോഡ് ഷോ	ശ്രീ. ജിജി തോംസൺ IAS, ചീഫ് സെക്രട്ടറി, ശ്രീ. കമലവർദ്ധന റാവു IAS, സെക്രട്ടറി, ടൂറിസം
14.	സ്പെയിൻ	19-1-2016 മുതൽ 24-1-2016 വരെ	FITUR FAIR 2016	സംസ്ഥാന ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തില്ല.
15.	ഓസ്ട്രിയ	25-1-2016 മുതൽ 27-1-2016 വരെ	ടൂറിസം വർക്ക് ഷോപ്പ്	

പ്രസ്തുത കാലയളവിൽ പട്ടികജാതി പിന്നോക്കസമുദായക്ഷേമവും ടൂറിസവും വകുപ്പുമന്ത്രി നടത്തിയ വ്യക്തിപരമായ യാത്രകളുടെ വിശദാംശങ്ങൾ:

നമ്പർ	രാജ്യം	തീയതി	പരിപാടി
1	ദുബായ്	16-4-2012 മുതൽ 20-4-2012 വരെ	വ്യക്തിപരം
2	യു.എ.ഇ.	11-4-2013 മുതൽ 12-4-2013 വരെ	വ്യക്തിപരം
3	ദുബായ്	13-12-2013 മുതൽ 14-12-2013 വരെ	വ്യക്തിപരം

(ബി) ഉണ്ട്. ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ നടക്കുന്ന ടൂറിസം ഫെയറുകൾ, റോഡ് ഷോകൾ എന്നിവയിൽ പങ്കെടുത്ത് നടത്തുന്ന വിപുലമായ പ്രചാരണ പരിപാടികളുടെ ഫലമായി വിദേശ വിനോദസഞ്ചാരികൾ കേരളത്തിലേക്ക് ആകർഷിക്കപ്പെടുന്നു. 2011-2016 കാലയളവിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ കണക്ക് താഴെ പറയുന്നു:

വർഷം	സഞ്ചാരികളുടെ എണ്ണം
2011	732985
2012	793696
2013	858143
2014	923366
2015 (ഒക്ടോബർ വരെ)	775390

LIBRARY ARCHIVES Kerala Legislative Assembly

മേൽകണക്കുകൾ വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വർഷാവർഷം വർദ്ധനയുണ്ടായതായി സൂചിപ്പിക്കുന്നു.

ടൂറിസം മേഖലയിലെ കേന്ദ്ര പദ്ധതികൾ

307(1008) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചുറ്റികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ കൂടുതൽ കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിനും നിലവിലുള്ള പദ്ധതികൾ കാലപ്രമായി നടപ്പാക്കുന്നതിനും ഈ സർക്കാരിന് സാധിക്കാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് ടൂറിസം മേഖലയിൽ പുതുതായി അനുവദിച്ച കേന്ദ്ര പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും വിശദമാക്കുമോ;

(സി) ഇതിനായി നടപ്പു സാമ്പത്തികവർഷം എത്ര തുകയാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്; ഇതുവരെ ഏതെല്ലാം ഇനത്തിൽ പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പദ്ധതികൾക്ക് അനുമതി നൽകുന്നതിനായി യഥാസമയം പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു. ഏറ്റവുമധികം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സംസ്ഥാനമെന്ന നിലയിൽ കൂടുതൽ തുക അനുവദിച്ച് കിട്ടുന്നതിന് വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ഇക്കോ ടൂറിസം സർക്യൂട്ട് (സ്വദേശി ദർശൻ സ്കീം) എന്നിവ ഉൾക്കൊള്ളിക്കൊണ്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് വേഗം കൂട്ടുകയും പുതിയ പദ്ധതികൾ അനുവദിക്കുന്നതിനുമായി കേന്ദ്ര വിനോദസഞ്ചാര വകുപ്പിന് നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി എന്നീ സ്ഥലങ്ങളുടെ വികസനത്തിനായി 9921.87 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശ്രീപദ്മനാഭസ്വാമി ക്ഷേത്രം, ആറന്മുള, ശബരിമല Spiritual Tourism Circuit-ന് 9427 ലക്ഷം രൂപയുടെയും ശബരിമല Spiritual

LIBRARY ARCHIVES Kerala Legislative Assembly